പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1589 — 2/07/2015 ൽ മറുപടിക്ക്

## ഗോവർദ്ധിനി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ : | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) ഗോവർദ്ധിനി പദ്ധതി സംസ്ഥാനത്ത് എന്നു മുതലാണ് ആരംഭിച്ചത്; ഇതിലൂടെ എത്ര കർഷകർക്കാണ് പ്രയോജനം ലഭിച്ചതെന്നും പാലുല്പാദനം എത്ര കണ്ട് വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ? | എ) ഗോവർദ്ധിനി പദ്ധതി 2014-15 സാമ്പത്തിക വർഷം മുതലാണ് സംസ്ഥാനത്ത് ആരംഭിച്ചത്; ഇതിലൂടെ ഏകദേശം 48,000 കർഷകർക്ക് പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി ഈ വർഷവും നടപ്പിലാക്കി വരുന്നുണ്ട്. ഒരു ലക്ഷം കന്നുകുട്ടികളെ 2 വർഷക്കാലം കൊണ്ട് പദ്ധതിയിൽ ചേർത്ത് അവയ്ക്ക് 28 മാസം പ്രായമാകുന്നതുവരെ സൗജന്യനിരക്കിൽ കാലിത്തീറ്റ നൽകുന്നതിനും, ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ആയതിനാൽ പാലുല്പാദനത്തിലുണ്ടായ വർദ്ധനവ് വിലയിരുത്തുന്നതിന് രണ്ടു വർഷത്തെ കാലയളവ് ആവശ്യമുണ്ട്. |

സെക്ഷൻ ഓഫീസർ